<u>പതിമൂന്നാം കേരള നിയമസഭ</u>
<u>പത്താം സമ്മേളനം</u>

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 597 7.1.2014- ലെ മറുപടിക്ക്**

## സ്വർണ്ണത്തിന്റെ വാറ്റ് നികുതി ഇനത്തിൽ ലഭിച്ച വരുമാനം

| ചോദ്യം<br>ശ്രീ. കെ. ദാസൻ | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | സ്വർണ്ണത്തിന്റെ വാറ്റ് നികുതി ഇനത്തിൽ 2010-11, 2012-13 സാമ്പത്തിക വർഷത്തിൽ ലഭിച്ച വരുമാനം സംബന്ധിച്ച് വിശദമാക്കാമോ ; | (എ) | സ്വർണ്ണത്തിന്റെ മൂല്യവർദ്ധിത നികുതി ഇനത്തിൽ ലഭിച്ച വരുമാനം ചുവടെ ചേർത്തിരിക്കുന്നു.<br><br>2010-11 - 225.40 കോടി<br>2011-12 - 302.20 കോടി<br>2012-13 - 393.54 കോടി |
| (ബി) | സംസ്ഥാനത്ത് ഇപ്പോൾ സ്വർണ്ണക്കടകൾ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി) | സംസ്ഥാനത്ത് 5366 സ്വർണ്ണക്കടകൾ വാണിജ്യ നികുതി വകുപ്പിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | കോമ്പൗണ്ടിംഗ് നിയമപ്രകാരം നികുതി അടച്ചുവരുന്ന സ്വർണ്ണ വ്യാപാരികൾ എത്ര ; അല്ലാത്തവർ എത്ര ; | (സി) | കോമ്പൗണ്ടിംഗ് വ്യവസ്ഥ പ്രകാരം നികുതി അടയ്ക്കുന്ന സ്വർണ്ണ വ്യാപാരികളുടെ എണ്ണം 2491 ഉം അല്ലാത്തവരുടെ എണ്ണം 2875 ഉം ആണ്. |
| (ഡി) | സ്വർണ്ണത്തിന്റെ വിലയിലുണ്ടായ വർദ്ധനയ്ക്കനുസൃതമായി നികുതി വരുമാനം വർദ്ധിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ; | (ഡി) | സ്വർണ്ണത്തിന്റെ കാര്യത്തിൽ മറ്റുല്പന്നങ്ങളുടേതു പോലെ നികുതിവരുമാനവും വിറ്റുവരവുമായി താരതമ്യപ്പെടുത്തുന്നത് നികുതി ഘടനയുടെ പ്രത്യേകതകൊണ്ടു യുക്തിസഹമല്ല. 2012-13-ലെ സ്വർണ്ണത്തിൽ നിന്നുള്ള നികുതി വരുമാനത്തിന്റെ 68% കോമ്പൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ച വ്യാപാരികളിൽ നിന്നുമാണ്. കോമ്പൗണ്ടിംഗ് സമ്പ്രദായമനുസരിച്ച് നികുതി കണക്കാക്കുന്നത് വിറ്റുവരവിനെ അടിസ്ഥാനമാക്കി മാത്രമല്ല, മറിച്ച് കഴിഞ്ഞ വർഷം ഈ സമ്പ്രദായം അനുസരിച്ചു ഒടുക്കിയ നികുതിയുടെ അടിസ്ഥാനത്തിൽ കൂടിയാണ്. അതുകൊണ്ട് തന്നെ നടപ്പ് വർഷത്തെ വിറ്റ് വരവ് കുറഞ്ഞാലും നികുതി വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നില്ല. ഇക്കാരണത്താൽ മറ്റുൽപന്നങ്ങൾക്കുണ്ടാകുന്ന |

| | | | |
|---|---|---|---|
| | | | ടേണോവർ വർദ്ധനവും അതുമൂലം ലഭിക്കുന്ന നികുതി വർദ്ധനവും സ്വർണ്ണത്തിന്റെ കാര്യത്തിൽ ബന്ധപ്പെടുത്താവുന്നതല്ല.<br>കോമ്പൗണ്ടിംഗ് വ്യവസ്ഥയിലൂടെ ഈ മേഖലയിൽ നിന്നും ഗണ്യമായ വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നികുതി പിരിവിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് ഇത് സാധൂകരിക്കുന്നു.<br>2010-11, 2011-12, 2012-13 വർഷങ്ങളിൽ ആഭരണമേഖലയിൽ നിന്നും ലഭിച്ച നികുതി വരുമാനം ചുവടെ ചേർക്കുന്നു<br><br>വർഷം - തുക (കോടിയിൽ)<br>2010-11 - 225.40<br>2011-12 - 302.20<br>2012-13 - 393.54 |
| (ഇ) | സർണ്ണത്തിന്റെ കരിഞ്ചന്തയും കള്ളക്കടത്തും വ്യാപകമായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് തടയാൻ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ? | (ഇ) | സ്വർണ്ണ വ്യാപാര മേഖലയിലെ നികുതി ഘടന പുന ക്രമികരിക്കുന്നതിന് സബ്ജക്ട് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ പഠനം നടത്തി താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ആയവ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്.<br><br>1) ഓൺ ലൈൻ ഇൻവോയ്സ് സമ്പ്രദായം ഒരു നിശ്ചിത വിറ്റുവരവിനു മുകളിലുള്ള സ്വർണ്ണവ്യാപാരികൾക്ക് നിർബന്ധമാക്കുക<br>2) സ്വർണ്ണവ്യാപാര രംഗത്ത് ഇൻവോയ്സ് ഉറപ്പു വരുത്താനായി ടെസ്റ്റ് പർച്ചേയ്സ് സംവിധാനം ഏർപ്പെടുത്തുക<br>3) വാണിജ്യ നികുതി വകുപ്പിനു കീഴിലുള്ള ഡാറ്റാ മൈനിംഗ്, കമേഴ്സ്യൽ ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തുക<br>4) ഗിഫ്റ്റുമായി ചേർന്ന് സ്വർണ്ണത്തിന്റെ നികുതി സംബന്ധമായ വിവരശേഖരണവും വിശകലനവും നടത്താൻ പ്രത്യേക സെൽ രൂപീകരിക്കുക. |

സെക്ഷൻ ഓഫീസർ